# ജിഹ്വ



# ലിറ്റിൽ കൈറ്റ്സ്



## സിവിഎംഎച്ച്എസ്
## വണ്ടാഴി

# ആമുഖം

വിദ്യാർത്ഥികളുടെ തൂലികത്തുമ്പിൽ നിന്നും ഉതിർന്ന **അക്ഷരങ്ങളാൽ ഉടലെടുത്തതാണ്** "ജിഹ്വ" എന്ന ഈ മാഗസിൻ **.കവിതകളും, കഥകളും മനോഹരങ്ങളായ ചിത്രങ്ങളും കൊണ്ട് സമ്പന്നമാണ് ഈ മാഗസിൻ. സാങ്കേതിക വിദ്യയുടെ അനന്ത സാധ്യതകൾ ഏറെയാണ് .പുതുതലമുറയ്ക്ക് സാങ്കേതികവിദ്യയോടുള്ള ആഭിമുഖ്യം ഗുണകരമായും സർഗാത്മകമായും പ്രയോജനപ്പെടുത്താൻ ലിറ്റിൽ കൈറ്റ്സ് പോലുള്ള ഐ ടി കൂട്ടായ്മയ്ക്ക് സാധിക്കും.**

**വായനയുടെയും രചനകളുടെയും ലോകത്തേക്ക് കുട്ടികളെ കൈപിടിച്ചുയർത്താൻ ഇത്തരം മാസികകൾ പ്രയോജനപ്രദമാകും എന്ന് നമുക്ക് പ്രത്യാശിക്കാം.**

# വായനാകുറിപ്പ്



## അക്കർമാശി

മറാത്തി സാഹിത്യകാരനായ ശരൺകുമാർ ലിംബാളെ എഴുതിയ ആത്മകഥയാണ് അക്കർമാശി. അക്കർമാശിഎന്നാൽ "ജാതിഭ്രഷ്ട" എന്നാണർത്ഥം. സമൂഹത്തെ ദളിതന്റെ വീക്ഷണ കോണിൽനിന്ന് കാണുന്ന ഒരു പുസ്തകമാണിത്.കാളിയത്ത് ദാമോദരൻ ഈ കൃതിയെ മലയാളത്തിലേക്ക് തർജ്ജിമ ചെയ്തിട്ടുണ്ട് . 2006-ലെ കേരള സാഹിത്യ അക്കാദമി പുരസ്കാരം ഈ കൃതിക്ക് ലഭിച്ചു. മഹാരാഷ്ട്ര, കർണാടക സംസ്ഥാനങ്ങളുടെ അതിർത്തി ഗ്രാമത്തിൽ വളർന്ന ലിംബാളെയുടെ ആത്മനൊമ്പരങ്ങൾ ആണ് ഇതിൽ പറയുന്നത്. ദാരിദ്ര്യം, അനാഥത്വം, ജാതിയുടെ അടിസ്ഥാനത്തിലുള്ള വിവേചനം എന്നിവയെല്ലാം ഇതിൽ പറഞ്ഞിട്ടുണ്ട്. വർഗ്ഗ ,വർണ്ണ ,ജാതിവ്യവസ്ഥകൾ നൽകിയ അധികാരമുണ്ടായിരുന്ന ബ്രാഹ്മണമേധാവിത്വത്തിന്റെ കീഴിൽ ദളിത് യുവതികൾ അനുഭവിക്കേണ്ടിവന്ന പീഢനങ്ങൾ നിരവധിയാണ്. ലിംബാളെയുടെ അമ്മ മാസാമായി, മുത്തശ്ശി ശാന്താമായി, അമ്മാവൻ ചന്താമായി എന്നിവരാണ് ഇതിലെ കഥാപാത്രങ്ങൾ. സാഹിത്യകാരന്മാരിൽ പ്രസിദ്ധനായ ലിംബാളെ തൻറെ ഇരുപത്തിയഞ്ചാമത്തെ വയസ്സിൽ എഴുതിയ കൃതിയാണിത്. ദളിത് സാഹിത്യത്തിലെ ക്ലാസ്സിക്കായി ഈ കൃതി അറിയപ്പെടുന്നു. ഫ്രഞ്ച് ഉൾപ്പെടെ ഒട്ടേറെ ഭാഷയിലേക്ക് ഈ കൃതി വിവർത്തനം ചെയ്തിട്ടുണ്ട്.

<u>കുരുവിയും കാട്ടുതീയും</u>



**കാട്ടിൽ തീ പടർന്നു. പക്ഷികളും മൃഗങ്ങളും ജീവനുവേണ്ടി പരക്കംപാഞ്ഞു .മൃഗങ്ങൾ കോട്ടതീയിൽ വെന്തു മരിച്ചു.ഈ സമയത്ത് ഒരു കൊച്ചു കുരുവി മാത്രം പുഴയിൽ നിന്നും കൊച്ചുചുണ്ടിൽ വെള്ളം നിറച്ച് ആളിക്കത്തുന്ന തീ കെടുത്താൻ ശ്രമിച്ചുകൊണ്ടിരുന്നു. കുരുവി ഇത് പലതവണ ആവർത്തിച്ചു .ഇത് കണ്ട മഴ ദേവൻ കുരുവിയെ പരിഹസിച്ചുകൊണ്ട് ചോദിച്ചു നീ എന്ത് മഠയത്തരം ആണ് കാണിക്കുന്നത് ഇത്തിരിപോന്ന നിനക്ക് ഈ കാട്ടു തീ കെടുത്താനാവുമൊ ? ഒത്തിരി പക്ഷികളുടെയും മൃഗങ്ങളുടെയും ജീവനെടുക്കുന്നത് അങ്ങ് കാണുന്നില്ലേ ശക്തമായ ഒരു മഴ കൊണ്ട് ഈ കാര്യം അങ്ങേക്ക് ചെയ്യാം ഞാൻ എനിക്ക് ആവുന്നത് ചെയ്യുന്നു ഇത്രയും പറഞ്ഞു ജോലി തുടർന്നു തീ തൻെറ ജീവനെടുക്കും വരെ.**

# സൃഷ്ടികൾ









# തൂലികാനാമം

ഉറൂബ്   -   പി സി കുട്ടികൃഷ്ണൻ

കോവിലൻ  - പി . വി. അയ്യപ്പൻ

പാറപ്പുറത്ത്  -  കെ .ഇ മത്തായി

കേരള വ്യാസൻ-  കുഞ്ഞിക്കുട്ടൻ   തമ്പുരാൻ

ഒളപ്പമണ്ണ   -സുബ്രഹ്മണ്യൻ നമ്പൂതിരി

കേരളപാണിനി -  എ. ആർ .രാജരാജവർമ്മ

ഇടശ്ശേരി   -   ഗോവിന്ദൻ നായർ

വിലാസിനി -   എം .ആർ .നായർ

കേരള കാളിദാസൻ   -  കേരളവർമ്മ
വലിയകോയിത്തമ്പുരാൻ

# കഥകളി



ഭാരതത്തിലെ നാല് പ്രധാനപ്പെട്ട ക്ലാസിക് നൃത്തങ്ങളിൽ ഏറ്റവും ഏറ്റവും ശ്രേഷ്ഠം എന്ന് വിശേഷിപ്പിക്കപ്പെടുന്ന കേരളീയ ദൃശ്യ കലയാണ് കഥകളി .ആട്ടം ,പാട്ട് അഭിനയം ,വാദ്യം ,സാഹിത്യം, ചിത്രകല മുതലായ മിക്ക അടിസ്ഥാന കലകളും ഇതിൽ ചേർന്നിട്ടുണ്ട് .പച്ച ,കരി, താടി, മിനുക്ക് എന്നിങ്ങനെ പ്രധാനമായും അഞ്ച് വിഭാഗങ്ങളിലായി കഥകളിയുടെ വേഷങ്ങൾ തരംതിരിച്ചിട്ടുണ്ട് വള്ളത്തോളിന്റെ കേരള കലാമണ്ഡലത്തി ലൂടെ ലോകമെങ്ങും പ്രസിദ്ധിയാർജ്ജിച്ച കലയാണ് കഥകളി.



പച്ച



കരി



താടി



മിനുക്ക്



# കവിത

## സൗഹൃദ ചെപ്പ്

സൗഹൃദ ചെപ്പു തുറക്കുമ്പോൾ

നീയെനിക്കു സമ്മാനിച്ച

ചെമ്പനീർ പൂവിൻ ഗന്ധമെന്നെ

സ്നേഹാർദ്രമായി തഴുകുന്നു

നശ്വരമാമീ മലരുണങ്ങാം

പൂ മണവും മാറാം.....

നിമിഷങ്ങളിൽ ഇതൾ

കൊഴിയുന്ന ജീവിതത്തിൽ

പവിത്രമാം ഹൃദയ ബന്ധത്താൽ

നമ്മളിൽ തളിർത്ത

വസന്താരാമത്തിൽ

വാസന പൂക്കൾ

അനശ്വരമെന്നറിയുക .

# പൊടിക്കൈ

ചാച്ചാജി ഒരിക്കൽ അമേരിക്ക സന്ദർശിച്ച അവസരത്തിൽ ഒരു വിദ്യാലയത്തിൽ ചെന്നു.അവിടെ പഠിച്ചിരുന്ന ഭാരതീയനായ ഒരു വിദ്യാർതി മ്ലാനവദനനായി കാണപ്പെട്ടു. അയാളെക്കുറിച്ച് കൂടുതൽ അന്വേഷിച്ചപ്പോൾ അമേരിക്കയിൽ എത്തിയതിനുശേഷം ആ വിദ്യാർഥി ചിരിച്ചിട്ടേയില്ലെന്ന ദു:ഖകരമായ വാർത്തയാണ് ചാച്ചാജിക്ക് അറിയാൻ കഴിഞ്ഞത്.പിറന്ന നാടും വീടും വിട്ട് അന്യരാജ്യത്ത് കഴിയേണ്ടിവന്നതുമൂലമുള്ള ദു:ഖവും ഏകാന്തതയും ആ കുട്ടിയുടെ മനസിനെ മഥിച്ചുകൊണ്ടിരുന്നു. എങ്ങനെയെങ്കിലും ഈ വിദ്യാർഥിയെ ചിരിപ്പിക്കണമെന്ന് നെഹ്റുജി തീരുമാനിച്ചു. അതിനുവേണ്ടി അദ്ദേഹം പല കോമാളിവേഷങ്ങളും കെട്ടി.കുട്ടി ചിരിച്ചതേയില്ല.

ഒടുവിൽ ഒരു പൊടിക്കൈ പ്രയോഗിക്കുവാൻ അദ്ദേഹം തീരുമാനിച്ചു.ഒരു ചീർപ്പെടുത്ത് തല ചീകാൻ തുടങ്ങി. കുട്ടി ചിരിച്ചു. തന്റെ ഉദ്ദേശ്യം സഫലമായത് കണ്ട ചാച്ചാജിയുടെ കണ്ണുകളിൽ പൂത്തിരികത്തി.



# ചന്ദ്രയാൻ-2

## ചരിത്രം കുറിച്ച് ചന്ദ്രയാൻ-2

## ഇന്ത്യയുടെ അഭിമാന പേടകം കുതിച്ചുയർന്നു.

ചന്ദ്രയാൻ-2 വിജയകരമായി വിക്ഷേപിച്ച് ബഹിരാകാശരംഗത്തെ ഐ എസ് ആർ ഒ

ശാസ്ത്രജ്ഞന്മാർ. ഇന്ത്യൻ സ്പേസ് റിസർച്ച് ഓർഗനൈസേഷൻ ഏറ്റെടുത്ത് നിർമ്മിക്കാൻ തീരുമാനിച്ച രണ്ടാമത്തെ ചാന്ദ്രപര്യവേക്ഷണ ദൗത്യമാണത്. ഐ. എസ്. അർ .ഒ യുടെ ചരിത്രത്തിലെ ഏറ്റവും സങ്കീർണമായ ദൗത്യമാണ് ചാന്ദ്രയാൻ -2 വിക്ഷേപണം അറിയപ്പെടുന്നത് . ദൗത്യം വിജയിച്ചാൽ ചന്ദ്രന്റെ ദക്ഷിണധ്രുവത്തിൽ പര്യവേക്ഷണ പേടകം ഇറക്കുന്ന ആദ്യരാജ്യമാകും ഇന്ത്യ. ശ്രീഹരിക്കോട്ടയിൽ നിന്നുള്ള വിക്ഷേപണത്തിനു ശേഷം ഓർബിറ്റർ ചന്ദ്രനു 100 കിലോമീറ്റർ മുകളിലുള്ള ഭ്രമണപഥത്തിലെത്തും. തുടർന്ന് റോവർ ഉൾപ്പെടെയുള്ള ലാൻഡർ മൊഡ്യൂൾ വിട്ടുമാറി ചന്ദ്രോപരിതലത്തിലേക്കു പറന്നിറങ്ങും. ചന്ദ്രനിൽ എത്തിയശേഷം ലാൻഡറിൽ നിന്നു റോവർ വേർപെട്ട് ഉപരിതലത്തിലേക്കിറങ്ങി പര്യവേക്ഷണം നടത്തും.20/8/2019 ന് ഇന്ത്യയുടെ ചാന്ദ്രപര്യവേക്ഷണ ദൗത്യമായ ചന്ദ്രയാൻ 2 ചന്ദ്രന്റെ ഉപരിതലത്തിലിറങ്ങും.





# മൂലകം

## അയഡിൻ

ബെർണൻ കൗൺട്രോയി 1811 ലാണ് അയഡിൻ കണ്ടുപിടിച്ചത്.I എന്ന പ്രതീകത്തിലുള്ള അയഡിന്റെ അറ്റോമിക്
നമ്പർ 53 ആണ്.പാലുൽപ്പന്നങ്ങളായ തൈര്,ചീസ് തുടങ്ങിയ
ധാന്യങ്ങളിലും അയഡിൻ ധാരാളമായി അടങ്ങിയിട്ടുണ്ട്.ഇതോടൊപ്പം
തന്നെ കടൽ മൽസ്യങ്ങളിലും അയഡിൻ ധാരാളമായി കാണപ്പെടുന്നു.
അയഡിന്റെ തിളനില 184.3 ഡിഗ്രിc ആണ്.
അയഡിൻ തൈറോയിഡ് ഹോർമോണിന്റെ
അളവ് കുറയ്ക്കുന്നതിനും സൂഷ്മജീവികളായ
അമീബ ബാക്ടീരിയകൾ എന്നിവയെ നശിപ്പിക്കുന്നതിനും
സഹായിക്കുന്നു. പൊട്ടാസ്യം അയഡേട് റേഡിയോ ആക്റ്റീവ്
അപകടത്തിൽ പെട്ടവരുടെ ചികിത്സക്കായി
ഉപയോഗിക്കുന്നു. പൊട്ടാസ്യം അയഡേട്ടും

**അയഡിനും ആൽക്കാഹോളും അടങ്ങിയ ലായനി മുറിവുകളിൽ പുരട്ടുന്ന ഒരുനല്ല അണുപാദമാണ്.അയഡിൻ ആഹാരത്തിൽ ചേർക്കാറുണ്ട്. ഉപ്പിൽ ചേർതാറുണ്ട് ഇത് തൈറോയിഡ് പോലെയുള്ള അസുഖങ്ങൾ തടയാൻ സഹായിക്കും.**




# " മദ്യം വിഷമാണ് "

വീട്ടിനുള്ളിൽ നിന്നും കൂട്ടനിലവിളി ഉയർന്നു .കുട്ടികളുടെയും ഒരു സ്ത്രീയുടെയും ശബ്ദം .അച്ഛൻ അമ്മയെ തല്ലുന്നു ആരെങ്കിലും ഓടി വരണേ..അവൾ അലറിവിളിച്ചു .ഒന്നുരണ്ട് നിമിഷങ്ങൾ കൊണ്ട് ആ സ്ത്രീയുടെ ശബ്ദം നിലച്ചു .കുട്ടികളുടെ അമർത്തിയ കരച്ചിൽ മാത്രം.. പാകംചെയ്ത ആഹാരത്തോടൊപ്പം കുറെ പാത്രങ്ങളും വീടിനുള്ളിൽ നിന്ന് പുറത്തേക്ക് വന്നു .അടുത്തവീട്ടിലെ കുട്ടികൾ അവരവരുടെ വീടിനുള്ളിലേക്ക് ഓടിക്കയറി കഴിഞ്ഞു .പുറത്തേക്ക് ആരും വരുന്നില്ല. വീട്ടിൽനിന്ന് ഒരാൾ പുറത്തേക്കു ചാടി .അയാളുടെ കാലുകൾ നിലത്തുറക്കുന്നില്ല .റാണിയും അവളുടെ ചേട്ടനും അമ്മയും അച്ഛനും അടങ്ങുന്ന സമാധാനം എന്തെന്നറിയാത്ത ഒരു കുടുംബം .വഴക്ക് ആ വീട്ടിലെ നിത്യസംഭവമാണ് .വർഷങ്ങൾ കടന്നുപോയി റാണിയുടെ അച്ഛൻ രോഗബാധിതനായി .കുഴപ്പം കരളിനാണ് .കരൾ പൂ ർണമായും നശിച്ചു കഴിഞ്ഞു. അധികകാലം ജീവിക്കില്ല ,ഡോക്ടർമാർ വിധിയെഴുതി .നിഗമനം ശരിയായി അച്ഛന്റെആക്രോശവും ബഹളവും എന്നേക്കുമായി നിലച്ചു. ശാരീരിക, മാനസിക സമ്മർദ്ദങ്ങളുടെ ഫലമായി മനസ്സും ശരീരവും ക്ഷീണിച്ച അമ്മയും രണ്ട് കുട്ടികളും എന്തുചെയ്യണമെന്നറിയാതെ പകച്ചു നിന്നു.







# ജീവചരിത്രകുറിപ്പ്

## വൈലോപ്പിള്ളി ശ്രീധരമേനോൻ

എറണാകുളത്ത് കലൂരിൽ കൊച്ചുകുട്ടൻ കർത്താവിന്റെയും നാണികുട്ടിയമ്മയുടേയും പുത്രനായി 1931 മേയ് പതിനൊന്നാം തീയതി വൈലോപ്പിള്ളി ശ്രീധരമേനോൻ ജനിച്ചു ."ശ്രീ" എന്ന തൂലികാനാമത്തിൽ കവിതാരചന തുടങ്ങിയ വൈലോപ്പിള്ളിയുടെ കന്നിക്കൊയ്ത്ത് എന്ന കാവ്യ സമാഹാരം 1940 കളിൽ മലയാളത്തിൽ ഒരു ഭാവുകത്വ പരിവർത്തനത്തിന് തുടക്കമിട്ടു പുതിയൊരു മാതൃക കാട്ടിയ ഒന്നാണ്. കേരളത്തിലെ സാമൂഹിക പരിവർത്തനത്തെ ഇന്നത്തെ ആന്തരിക അനുഭൂതികൾ എന്ന നിലയിൽ ഇൽ ആവിഷ്കരിച്ചിരിക്കുന്ന ഇന്ന് കൃതികളാണ് ആണ് കണ്ണീർപ്പാടം term കടൽക്കാക്ക യുഗപരിവർത്തനം nhm എന്നിവ ശ്രീരേഖ കുന്നിമണികൾ വിത്തും കൈക്കോട്ടും വൈലോപ്പിള്ളി കവിതകൾ കൾ കൈപ്പവല്ലരി കാവ്യലോകസരണകൾ പുരോഗമന കലാസാഹിത്യ സംഘം ത്തിൻറെ പ്രഥമ പ്രസിഡണ്ട് ആയിരുന്ന വൈലോപ്പിള്ളി പത്തുവർഷം സമസ്തകേരള സാഹിത്യ പരിഷത്തും ആയി ബന്ധപ്പെട്ട് പ്രവർത്തിച്ചിട്ടുണ്ട് ഉണ്ട് സഹി ത്യ നിപുണൻ ബഹുമതി സോവിയറ്റ് ലാൻഡ് നെഹ്റു അവാർഡ് കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ് വയലാർ അവാർഡ് തുടങ്ങി നിരവധി പുരസ്കാരങ്ങൾ ലഭിച്ച വൈലോപ്പിള്ളി കേരള സാഹിത്യ അക്കാദമി അംഗമായും പ്രവർത്തിച്ചിട്ടുണ്ട് ഉണ്ട് ഡിസംബർ ഇരുപത്തിരണ്ടാം തീയതി അദ്ദേഹം ഇഹലോകവാസം വെടിഞ്ഞു.

# മഴ നനഞ്ഞോരെൻ ബാല്യം



ജീവിതം മൊട്ടിട്ടുയർന്നാർത്തു
പെരുകുമോരോ മഴയ്ക്കും പിന്നെ
എവിടെയോ പോയൊളിക്കും
കാശിതുമ്പകൾ അല്ലോ നമ്മൾ

മഴ വരും നേരമാർത്തു വിളിച്ചത്
നനഞ്ഞോരെൻ ബാല്യം
ഒക്കെ കണ്ടൊരെൻ ചിരിയാർന്നു നിൽക്കുമെൻ
തേൻമാവു മുത്തശ്ശി പഴങ്ങളാൽ എന്നെ
ഒരുപാട് സൽക്കരിച്ചിരുന്നു.





നന്ദി

കേരളപ്പിറവി ദിനത്തോടനുബന്ധിച്ച് സി വി എം ഹയർ സെക്കൻഡറി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ തയ്യാറാക്കിയ ഡിജിറ്റൽ മാഗസിൻ പ്രകാശന ചടങ്ങിൽ പങ്കെടുത്ത പിടിഎ പ്രസിഡൻറ് ശ്രീ . എം രാജേഷ് , ചടങ്ങിന് അധ്യക്ഷത വഹിച്ച വിദ്യാലയത്തിലെ ഹെഡ്മിസ്ട്രസ് ശ്രീമതി പി വി രഞ്ജിനി ടീച്ചർ ചടങ്ങിൽ പങ്കെടുത്ത ശ്രീ . വി. പി ജഗദീഷ് മാസ്റ്റർ ശ്രീമതി. ഷൈനി ടീച്ചർ എന്നിവർക്ക് ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ നന്ദി അറിയിക്കുന്നു.